**ജൂൺ 2 – ജൂൺ 8**

## പാഠം – 10

## അമേരിക്കയും ബാബിലോണും

**ശബ്ബത്ത് സായാഹ്നം** **ജൂൺ 2**

**ഈയാഴ്ചയിലെ പഠനത്തിനായി വായിക്കുക:** വെളി. 13:1–12; 14:9–11; 16:2; 19:20; 20:4, യിര. 51:6, 7, 53, 57; വെളി. 18:1–4.

**മനഃപാഠവാക്യം: "ആ കാലത്ത് നിന്റെ സ്വജാതിക്കാർക്ക് തുണ നിൽക്കുന്ന മഹാപ്രഭുവായ മീഖായേൽ എഴുന്നേൽക്കും; ഒരു ജാതി ഉണ്ടായതു മുതൽ ഈ കാലംവരെ സംഭവിച്ചിട്ടില്ലാത്ത കഷ്ടകാലം ഉണ്ടാകും. അന്നു നിന്റെ ജനം, പുസ്തകത്തിൽ എഴുതിക്കാണുന്ന ഏവനും തന്നെ, രക്ഷ പ്രാപിക്കും" (ദാനീ. 12:1).**

കഴിഞ്ഞയാഴ്ച നമ്മൾ "കപട ത്രിത്വത്തെ" കുറിച്ച് മനസ്സിലാക്കി. സാത്താനും (മഹാസർപ്പം), രണ്ട് ഭൗമശക്തികളും ചേർന്ന് ദൈവ ജനത്തിനെതിരെ പീഡനം നടത്തും.

ഇതിലെ ഒരു ശക്തിയായ കടൽമൃഗത്തെക്കുറിച്ച് വിവരിക്കുന്നത്, (വെളി.13:1–10), പുള്ളിപ്പുലിക്കു സദൃശവും, കരടിയുടെ കാലും, സിംഹത്തിന്റെ വായും (വെളി. 13:2) പോലുള്ളതായിരുന്നുവെന്നാണ്. ഈ രൂപം നേരിട്ട് ദാനീയേൽ 7:4–6–ൽ നിന്നെടുത്തിട്ടുള്ളതാണ്. ആറാം ആഴ്ചയിലെ പാഠത്തിൽ, ദാനീയേൽ ഏഴിൽ - ബാബിലോണിന്റെ (സിംഹം) ഉയർച്ചയ്ക്കു ശേഷം, മേദിയ–പേർഷ്യ (കരടി), പിന്നീട് ഗ്രീക്ക് (പുള്ളിപ്പുലി) - ശേഷം ഭൂമിയിലെ അവസാന സാമ്രാജ്യമായ റോം വന്നു. വിഗ്രഹാരാധിയായ റോമാ സാമ്രാജ്യമായി തുടങ്ങി പിന്നീട് ദാനീയേൽ 7:7, 8; 19–21; 23–25; എന്നിവയിൽ പറയുന്ന നാലാമത്തെ മൃഗത്തിൽ നിന്നുത്ഭവിച്ച ചെറിയ കൊമ്പ്, അതായത്, പാപാത്വ റോം ആയി മാറി. ദാനീയേൽ ഏഴിലെ പാപാത്വ റോമാ കാലഘട്ടത്തിലെ പല കഥാപാത്രങ്ങളും വെളിപ്പാട് 13:1–10 വരെയുള്ള ഭാഗത്ത് പ്രത്യക്ഷപ്പെടുന്ന കടൽമൃഗത്തിൽ പുനഃപ്രവേശം ചെയ്യുന്നുണ്ട്. ആയതിനാൽ, ദൈവവചന പഠിതാക്കൾ റോമിനെ വെളിപ്പാട്13–ന്റെ പശ്ചാത്തലത്തിൽ പ്രധാന പ്രതിയോഗിയായി കാണുന്നു.

എന്നിരുന്നാലും, റോം തനിച്ചല്ല. മറ്റൊരു ശക്തിയെയും ചിത്രീകരിച്ചിട്ടുണ്ട്. ഈയാഴ്ച നമ്മൾ വെളിപ്പാട് 13–ലേക്ക് കൂടുതൽ ശ്രദ്ധിക്കാം. അതിലെ സംഭവങ്ങളും ശക്തികളും എന്താണ്? അവയ്ക്കായി നമുക്ക് എങ്ങനെ ഒരുങ്ങാം?

*☞ഈയാഴ്ചയിലെ പാഠം പഠിച്ച് ജൂൺ 8–ലെ ശബ്ബത്തിനായി ഒരുങ്ങുക.*

**ഞായർ** **ജൂൺ 3**

## മരണകരമായ മുറിവ് സൗഖ്യമായി

**വെളിപ്പാട് 13:1-10 വരെ വായിക്കുക. ഇത് പാപാത്വത്തെക്കുറിച്ച് പറയുന്നു. ഇതിന്റെ കാരണങ്ങളെക്കുറിച്ചും ഭൂതകാലത്തും ഭാവിയിലും അതിന്റെ വേഷം എന്താണെന്നും ചിന്തിക്കുക. എത്രമാത്രം പ്രധാനമായ ഒരു വേഷമാണ് അതിന് നൽകിയിരിക്കുന്നതെന്ന് ശ്രദ്ധിക്കുക. അന്ത്യകാല സംഭവങ്ങളുടെ വെളിച്ചത്തിൽ ഇതെന്തർത്ഥമാക്കുന്നു?**

ദൈവത്തിന് വിശ്വസ്തരായവർ എല്ലാ പള്ളികളിലുമുണ്ടെങ്കിലും, ഈ സ്ഥാപനം ചരിത്രത്തിൽ വഹിച്ച പങ്കിനെക്കുറിച്ചും അന്ത്യകാല സംഭവങ്ങളുടെ കാലത്ത് ചെയ്യാനുള്ള പ്രത്യേക വേഷത്തെക്കുറിച്ചും ദൈവവചനം സൂചിപ്പിക്കുന്നു.

**വെളിപ്പാട് 13:3 വായിക്കുക. എന്താണിവിടെ സംഭവിക്കുന്നത്? റോമിന്റെ പ്രാധാന്യത്തെക്കുറിച്ച് ഇതെന്തു പഠിപ്പിക്കുന്നു?**

നൂറ്റാണ്ടുകളോളം റോമാ സഭ, കേന്ദ്ര മതമായിരുന്നു. പല വിധത്തിലും, പടിഞ്ഞാറൻ ലോകത്തിന്റെ രാഷ്ട്രീയ സിരാകേന്ദ്രവും ആയിരുന്നു. വിശുദ്ധ റോമാ ചക്രവർത്തിയായിരുന്ന ഹെൻറി നാലാമന്റെ കഥ ഇതിനൊരു ഉത്തമ ഉദാഹരണമാണ്. പോപ് ഗ്രിഗറി ഏഴാമനുമായി തെറ്റിയ ഹെൻറി സമാധാന ശ്രമവുമായി പോപിന്റെ കൊട്ടാരത്തിലെത്തി. അവിടെ റോമാ ചക്രവർത്തിയെ മരംകോച്ചുന്ന തണുപ്പത്ത് കൊട്ടാരത്തിനു വെളിയിൽ മൂന്നു ദിവസം കാത്തിരുത്തിയ ശേഷമാണ് പോപ് അദ്ദേഹത്തിനു സന്ദർശനാനുമതി നൽകിയത്. ചക്രവർത്തിയെ മുട്ടുകുത്തിച്ച ഗ്രഗറി ഏഴാമൻ, രാജാക്കന്മാരെ അഹങ്കാരത്തിൽ നിന്നു താഴെയിറക്കലാണ് തന്റെ ജോലിയെന്ന്, അഹങ്കാരത്തോടെ പറഞ്ഞു.

എന്നിരുന്നാലും, നവോത്ഥാന പ്രസ്ഥാനം, ശാസ്ത്രപുരോഗതി, ഫ്രഞ്ച് വിപ്ലവം എന്നിവയുടെ സ്വാധീനത്താൽ റോമിന്റെ മത-രാഷ്ട്രീയ ആധിപത്യം പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ശിഥിലമായി. 1798-ൽ പയസ് ആറാമൻ പാപ്പയെ ഫ്രഞ്ച് സൈന്യം തടവിലാക്കുകയും അങ്ങനെ കഴിയവെ 1799-ൽ മരിക്കുകയുമായിരുന്നു.

എങ്കിലും, വെളിപ്പാട് 13-ൽ ഒരു പ്രത്യുത്ഥാനത്തെക്കുറിച്ച് "മാരകമായ മുറിവ്" കരിഞ്ഞുപോയതായി പറയുന്നുണ്ട്. ഗ്രിഗറി ഏഴാമന്റെ കാലത്തുണ്ടായിരുന്ന അതേ രാഷ്ട്രീയ അധികാരം റോമിന് ഇന്നില്ലെങ്കിലും സമീപകാല മാർപാപ്പമാരുടെ ജനപ്രീതി കാണിക്കുന്നത് അത് ഇന്നും ഒരു മത-രാഷ്ട്രീയ സ്വാധീന ശക്തി തന്നെയെന്നാണ്. (ഉദാഹരണത്തിന് പോപ് ഫ്രാൻസിസ് അമേരിക്കൻ കോൺഗ്രസിന്റെ രണ്ടു സഭകളോടും 2015-ൽ

സംസാരിച്ചത് ചരിത്രത്തിലെ ആദ്യ സംഭവമാണ്.) പ്രവചന പ്രകാരം ഈ സ്വാധീനം വർദ്ധിച്ചു വരികയേ ഉള്ളൂ.

**നമ്മൾ വിളിക്കപ്പെട്ടത് സുവിശേഷം പ്രചരിപ്പിക്കാനാണ്. എന്നാൽ അത് ചെയ്യുമ്പോൾ കഴിയുന്നത്ര പ്രശ്നങ്ങൾ ഒഴിവാക്കിക്കൊണ്ട് ചെയ്യണമെന്ന ദൂതിനോട് എങ്ങനെ വിശ്വസ്തരാകാം? ലഭിച്ച സത്യം പ്രഖ്യാപിക്കുമ്പോൾ എന്തുകൊണ്ട് "രാഷ്ട്രീയ ശരിക്കു" മുന്നിൽ തല കുനിച്ചുകൂടാ?**

**തിങ്കൾ** **ജൂൺ 4**

## പ്രവചനത്തിലെ അമേരിക്കൻ ഐക്യനാടുകൾ

ജനം ചോദിച്ചിട്ടുണ്ട്, അല്ലെങ്കിൽ ചിന്തിച്ചിട്ടുണ്ട്: *റോമിന് വെളിപ്പാട് 13-ൽ പറയുന്ന പണ്ടുണ്ടായിരുന്നതു പോലെ സ്വാധീനം ഇന്നും നാളെയും എങ്ങനെ ലഭിക്കും?* പണ്ടുകാലങ്ങളിൽ ചെയ്തതു പോലെ സൈന്യങ്ങളെ നിയന്ത്രിക്കാനുള്ള അധികാരം റോമിന് എന്നേ നഷ്ടമായിക്കഴിഞ്ഞു. ഇതിനുത്തരവും വെളിപ്പാട് 13-ൽ തന്നെ കണ്ടെത്താം.

**വെളിപ്പാട് 13:11, 12 വായിക്കുക: ഈ ശക്തിയെ തിരിച്ചറിയുവാൻ എന്തൊക്കെ അടയാളങ്ങൾ നമ്മെ സഹായിക്കുന്നു?**

ഈ വാക്യത്തിനു മുന്നോടിയായി വരുന്ന മൃഗത്തെ പ്രൊട്ടസ്റ്റന്റുകാർ റോം ആയാണ് കണ്ടിരുന്നത്. 42 മാസം ഭരണം നടത്താൻ അധികാരമുള്ള മൃഗം (വെളി. 13:5). 42 മാസം എന്നു പറയുന്നത് ദാനീയേൽ 7:25-ൽ പറയുന്ന "കാലവും കാലങ്ങളും കാലാംശവും" അഥവാ മൂന്നര വർഷം (വെളി. 12:14) അല്ലെങ്കിൽ 1260 പ്രവാചക വർഷങ്ങൾ (വെളി. 12:6) - അതായത് ശത്രുക്കളെ പാപാത്വ ശക്തി അടിച്ചമർത്തിയ കാലഘട്ടം. ഈ പ്രവാചക സമയപരിധി (ദിന-വർഷ കണക്ക് അനുസരിച്ച്) എ.ഡി. 538-ൽ പാപാത്വത്തിന്റെ പരമാധികാരത്തോടെ തുടങ്ങി 1798-ൽ പോപിനെ തടവുകാരനായി പിടിച്ചുകൊണ്ടു പോകുന്നതോടെ അവസാനിച്ചു. ഈ സമയത്ത് പാപാത്വ ശക്തിക്ക് മരണകരമായ മുറിവ് ഉണ്ടാവുകയും അതോടെ പ്രവചന നിറവേറൽ ഉണ്ടാകുകയും ചെയ്തു.

ചരിത്രത്തിൽ, ഏതാണ്ട് ഈ സമയത്തു തന്നെ, "നാൽപ്പത്തിരണ്ട് ആഴ്ചക്കാലഘട്ടത്തിന്റെ" അന്തിമഘട്ടത്തിൽ (1798), മറ്റൊരു ശക്തി രംഗപ്രവേശം ചെയ്യുന്നു (വെളി. 13:11, വെളി. 13:1). ജനസഹസ്രങ്ങളുടെ അടയാളമായ വെള്ളത്തിൽ (കാണുക ദാനീ. 7:2,3) നിന്ന് ഉത്ഭവിച്ച മറ്റ് പല മുൻശക്തികൾക്കും വിരുദ്ധമായി ഇത്തവണ കരയിൽ നിന്നാണാ ശക്തിയുടെ വരവ്. "പിന്നെ അവൻ എന്നോട് പറഞ്ഞത്: നീ കണ്ടതും വേശ്യ ഇരിക്കുന്നതുമായ വെള്ളം വംശങ്ങളും പുരുഷാരങ്ങളും ജാതികളും ഭാഷകളും അത്രേ" (വെളി. 17:15).

ഇക്കാരണങ്ങളാലും മറ്റുള്ളവയാലും ഈ ശക്തി അമേരിക്കൻ ഐക്യ നാടുകളായിരിക്കണം. കാരണം അതിന്റെ ഉത്ഭവം ലോകത്ത് അധികമാരും ഇല്ലാതിരുന്ന ഒരിടത്തുനിന്ന്, മറ്റു വൻശക്തികളെ തോൽപിക്കാതെ തന്നെ വളർന്നു വലുതായതാണ്.

"നവലോകത്ത് ഏത് രാഷ്ട്രമാണ് ശക്തിയുടെയും മഹത്വത്തിന്റെയും വാഗ്ദാനങ്ങൾ നൽകി ലോകശ്രദ്ധ പിടിച്ചുപറ്റി 1798-ൽ വൻശക്തിയായി വളർന്നത്? വേദപുസ്തകം പറയുന്ന അടയാളം നൽകുന്ന സൂചനകൾ ശരിവയ്ക്കാൻ യാതൊരു സംശയവും വേണ്ട. ഒരു രാജ്യം ഒരേയൊരു രാജ്യം മാത്രമേ ഈ പ്രവചനത്തിന്റെ സവിശേഷതകൾ നിറവേറ്റുന്നുള്ളൂ. അത് നിസ്സംശയം വിരൽ ചൂണ്ടുന്നത് അമേരിക്കൻ ഐക്യനാടുകളിലേക്കാണ്." - *എലൻ ജി. വൈറ്റ്, "ദി ഗ്രേറ്റ് കോൺട്രോവേഴ്സി", പേജ്440.*

ആദ്യം ഈ ശക്തിക്ക് കുഞ്ഞാടിനെപ്പോലെ സൗമ്യതയെ സൂചിപ്പിക്കുന്ന രണ്ടു കൊമ്പുകളുള്ളതായി പറയുന്നുണ്ടെങ്കിലും, മുൻശക്തിയുടെ കാലഘട്ടത്തിലേതുപോലൊരു പീഡനത്തിന്റെ സമയം സൂചിപ്പിച്ചുകൊണ്ട് അത് മഹാസർപ്പത്തെപ്പോലെ സംസാരിക്കും (വെളി. 13:11). പ്രവചനം പ്രതിപാദിക്കുന്ന സ്വാധീനം റോമിന് എങ്ങനെ ചെലുത്താനാകുമെന്ന ചോദ്യത്തിന് വെളിപ്പാട് 13:11-17 വരെയുള്ള വാക്യങ്ങൾ ഉത്തരം നൽകുന്നു. റോമിന്, അമേരിക്കയെന്ന വൻശക്തിയുടെ പിന്തുണയുണ്ടാകും.

**ചൊവ്വ** **ജൂൺ 5**

## ആരാധനയുടെ വിഷയം

വിശുദ്ധ ചരിത്രം പരിശോധിച്ചാൽ ദൈവത്തിന് സ്ഥിരമായി വിഗ്രഹാരാധനയിലേക്കും മറ്റുതരം തെറ്റായ ആരാധനകളിലേക്കും പോയവരെ കൈകാര്യം ചെയ്യേണ്ടതായി വന്നിട്ടുണ്ട് (കാണുക മത്താ. 4:8-10). വെളിപ്പാട് 13-ൽ പറഞ്ഞിരിക്കുന്ന അവസാന ദുരന്ത സമയത്ത് ആരാധനയുടെ വിഷയം വീണ്ടും ഉയരും. ഇവിടെയും ദൈവജനത്തിന് ആരെ ആരാധിക്കും സേവിക്കും എന്ന തീരുമാനം എടുക്കേണ്ടി വരും (കാണുക യോശു.24:15).

രണ്ടാം ആഴ്ചയിലെ "ദാനീയേലും അന്ത്യകാലവും" എന്ന പാഠത്തിൽ "സ്വർണ്ണ ബിംബത്തെ" (ദാനീ. 3:5) ആരാധിക്കാൻ കൽപന ലഭിച്ച മൂന്ന് എബ്രായ യുവാക്കന്മാരുടെ കഥ പഠിക്കയുണ്ടായി. അന്ത്യകാലത്ത് ദൈവജനം നേരിടേണ്ടതായ പീഡനങ്ങളെക്കുറിച്ച് ഈ അദ്ധ്യായത്തിലെ അതേ ഭാഷ തന്നെ വെളിപ്പാട് 13-ൽ ഉപയോഗിച്ചിരിക്കുന്നതായി കണ്ടു. വെളിപ്പാട് 13-ൽ പറഞ്ഞിരിക്കുന്ന മൃഗശ്ശക്തികളുടെ പശ്ചാത്തലത്തിൽ അന്ത്യകാലത്ത് എന്തു സംഭവിക്കുമെന്നതിന്റെ ഒരു മുന്നോടിയായി ദാനീയേൽ മൂന്നാം അദ്ധ്യായത്തിൽ സംഭവിച്ചതിനെ കാണാം. എല്ലാവരോടും സ്വർണ്ണ

ബിംബത്തെ നമസ്ക്കരിക്കുവാൻ ഉത്തരവിട്ടു. ധിക്കരിക്കുന്നവരെ എരിയുന്ന തീയിലെറിഞ്ഞ് ചുട്ടുകളയുമായിരുന്നു. അതുപോലെ തന്നെ വെളിപ്പാട് 13-ൽ പറയുന്നു "മൃഗത്തിന്റെ പ്രതിമയെ നമസ്ക്കരിക്കാത്തവരെ ഒക്കെയും കൊല്ലിക്കേണ്ടതിനും" (വെളി. 13:15).

**വെളിപ്പാട് 14:9-11; 16:2; 19:20; 20:4 വായിക്കുക. ആരാധനയുടെ കാര്യം എത്രമാത്രം നിർണ്ണായകമാകുമെന്നാണ് ഈ വാക്യങ്ങൾ പറയുന്നത്?**

ബാബിലോൺ എക്കാലവും ദുരാരാധനകളുടെ കേന്ദ്രമായിരുന്നു. യെശയ്യാവിൽ (യെശ. 14:14) ലൂസിഫർ പറയുന്നതു പോലെ "ഞാൻ മേഘോന്നതങ്ങൾക്കു മീതെ കയറും" എന്നായിരുന്നു ബാബേൽ ഗോപുരം പണിതവരുടെ ഹൃദയത്തിലെ വികാരം. കൂടാതെ മറ്റൊരു ലോകമഹാപ്രളയം ഉണ്ടായാൽ സ്വയരക്ഷയുമായിരുന്നു അവരുടെ ലക്ഷ്യം. അങ്ങനെ, ഇനിയുമൊരു ജലപ്രളയത്താൽ ഭൂമിയെ നശിപ്പിക്കില്ലെന്ന് ദൈവം നൽകിയ ഉറപ്പ് അവർ വിശ്വസിച്ചില്ല. (ഉൽ. 9:8-11)

ഇതേപോലെ തന്നെ നവബാബിലോൺ സാമ്രാജ്യവും മനുഷ്യകരങ്ങളുടെ പ്രവൃത്തിയെ പ്രകീർത്തിച്ചു. നെബൂഖദ്നേസർ വാഴ്ത്തി, "ഇതു ഞാൻ എന്റെ ധനമാഹാത്മ്യത്താൽ എന്റെ പ്രതാപ മഹത്വത്തിനായി രാജധാനിയായി പണിത മഹതിയാം ബാബേൽ അല്ലയോ" (ദാനീ. 4:30). പിന്നീട് ബേൽശ്ശസ്സർ രാജാവ് ശലോമോൻ നിർമ്മിച്ച ദേവാലയത്തിലെ സ്വർണ്ണ ചഷകങ്ങൾ എടുത്തുകൊണ്ടുപോയി ഉൽസവം നടത്തി. "അവർ വീഞ്ഞു കുടിച്ച് പൊന്നും വെള്ളിയും താമ്രവും ഇരുമ്പും മരവും കല്ലും കൊണ്ടുള്ള ദേവന്മാരെ സ്തുതിച്ചു" (ദാനീ. 5:3,4). ദേവാലയത്തിലെ പാത്രങ്ങളിൽ ലഹരി പിടിപ്പിക്കുന്ന വീഞ്ഞ് നിറച്ചു, അതിൽ നിന്ന് കുടിച്ചവരുടെ സുബോധം നഷ്ടപ്പെട്ടു. അതിന്റെ ഫലമായി ബാബിലോൺ വീണപ്പോൾ നഗരത്തിലെ അനേകർ നശിച്ചു. സത്യത്തിന്റെ ബാഹ്യമായ പ്രകടനം "ബാബിലോണിലെ വീഞ്ഞാണെന്ന്" ധരിപ്പിച്ച് നമ്മളെ ചതിക്കാനാകും. അബദ്ധ ആരാധനയും ആശയങ്ങളും സാത്താന്റെ രാജ്യത്തെ നാണയങ്ങളാണ്.

**നമ്മളാരും യാതൊരു വിധ അബദ്ധ ആരാധനകളിലും പെട്ടിട്ടില്ലെന്ന് ഇന്നെങ്ങനെ ഉറപ്പാക്കാം?**

**ബുധൻ** **ജൂൺ 6**

## "മഹതിയാം ബാബിലോൺ"

**ചുവടെയുള്ള വാക്യങ്ങൾ വായിക്കുക: ബാബിലോണിനെക്കുറിച്ച് ഇതെന്തു പഠിപ്പിക്കുന്നു?** യിര. 51:6, 7, 53, 57; സെഖ. 2:7, വെളി. 17:5, 6; 18:2,3.

ഇന്നലെ നമ്മൾ കണ്ടതുപോലെ ദുരാരാധനയുടെ കേന്ദ്രമായ ബാബിലോണിനു ഒരു നീണ്ട ചരിത്രമുണ്ട്. അതുകൊണ്ട് രാഷ്ട്രങ്ങളെ വഞ്ചിക്കുന്ന അന്ത്യകാല ശക്തിയുടെ മതിയായ അടയാളമാണ് അത്.

**മഹാസർപ്പം, കടൽമൃഗം, മഹാവേശ്യ** (വെളി. 12:3, 13:1–3, 17:3). **സമാനതകളും വ്യത്യാസങ്ങളും എന്തൊക്കെ?**

ഇപ്പറഞ്ഞ എല്ലാ മൃഗങ്ങൾക്കും ഏഴു തലകളും പത്തു കൊമ്പുകളുമുണ്ട്. അത് ദാനീയേൽ ഏഴാം അദ്ധ്യായത്തിലെ മൃഗങ്ങളുടെ തലകളുടെയും കൊമ്പുകളുടെയും എണ്ണത്തിന്റെ ആകെത്തുകയെ പ്രതിനിധീകരിക്കുന്നു. കടന്നുവന്ന ഓരോ സാമ്രാജ്യവും പണിയപ്പെട്ടത് തൊട്ടു മുമ്പുള്ളവയ്ക്കു മേലായിരുന്നു. സമാനരീതിയിൽ, മഹാവേശ്യ, മഹാസർപ്പത്തിന്റെയും കടൽമൃഗത്തിന്റെയും മൂലധാതുക്കളെ യോജിപ്പിക്കുന്നു, (വിഗ്രഹാരാധകരുടെ റോമിനെയും പാപാത്വ റോമിനെയും സൂചിപ്പിക്കുന്നു) കൂടാതെ കടൽമൃഗത്തെയും കാണിക്കുന്നു. (വെളി. 13:11–14). "ഈ മൂന്നു ശക്തികളെയും സംയോജിപ്പിച്ച് - ദൈവത്തിന്റെ ശത്രുക്കളെയെല്ലാം - ഒരേ അച്ചുതണ്ടിലാക്കി." - *ജാക്വസ് ബി. ഡൗഖൻ, "സീക്രട്ട്സ് ഓഫ് റെവലേഷൻ, ദി അപ്പൊക്കാലിപ്സ് ത്രൂ ഹീബ്രൂ അയ്സ്'' (ഹേഗേഴ്സ്ടൗൺ, മെരിലാൻഡ്: റിവ്യൂ ആൻഡ് ഹെറാൾഡ് പബ്ലിഷിംഗ് അസോസിയേഷൻ, 2002), പേജ് 162.* വെളിപ്പാട് 17-ൽ കൂടുതലായി കാണുന്ന ഒരു ഘടകം മഹാവേശ്യയുടെ മുകളിൽ കയറിയിരുന്ന് ഓടിക്കുന്ന സ്ത്രീയാണ്. അത് രാഷ്ട്രീയ മത ശക്തികൾ തമ്മിലുള്ള വ്യാജ ബന്ധമാണ് സൂചിപ്പിക്കുന്നത്. വെളിപ്പാട് 12-ലെ സ്ത്രീയുമായി ഈ സ്ത്രീയ്ക്ക് വളരെ വലിയ അന്തരമുണ്ട്.

| ശുദ്ധയായ സ്ത്രീ (വെളി. 12) | മഹാവേശ്യ (വെളി. 17) |
|---|---|
| **സ്വർഗ്ഗത്തിൽ** | **സമുദ്രത്തിൽ** |
| **സൂര്യനെ അണിഞ്ഞവൾ** | **ധൂമ്രവർണ്ണവും കടുംചുവപ്പു നിറവും ഉള്ള വസ്ത്രം** |
| **പന്ത്രണ്ടു നക്ഷത്രങ്ങളുള്ള കിരീടം** | **പൊന്നും രത്നവും മുത്തുമണിഞ്ഞവൾ** |
| **മഹാസർപ്പം ആക്രമിച്ചവൾ** | **മഹാസർപ്പം സംരക്ഷിച്ചവൾ** |
| **ശേഷിപ്പിന്റെ അമ്മ** | **വേശ്യകളുടെ മാതാവ്** |

"വേശ്യമാരുടെയും മ്ലേച്ഛതകളുടെയും മാതാവ്'' എന്ന നിലയിൽ, മക്കളെ ഉണ്ടാക്കുന്നതിൽ ബാബിലോൺ വളരെ തിരക്കിലായിരുന്നു. ഈ സ്വമതത്യാഗിയായ മാതൃസഭയ്ക്ക് ഒട്ടനേകം സ്വമതത്യാഗികളായ പെൺമക്കളുണ്ടായി. എന്നാൽ സ്വന്തമതത്തെ ത്യജിച്ചുകളഞ്ഞ ക്രിസ്ത്യാനികൾ

ചെയ്യുന്ന പൈശാചിക കൃത്യത്തിന്റെയോ വിളംബരം ചെയ്യുന്ന തെറ്റുകളുടെയോ ഉടമസ്ഥത ദൈവം ഏറ്റെടുക്കുന്നില്ല. തന്റെ സത്യജനം, സാത്താനാൽ ആക്രമിക്കപ്പെട്ടാലും, നൂറ്റാണ്ടുകളിലൂടെ അതിജീവിക്കുന്നു.

ബാബിലോണ്യ ജനത്തിന്റെ വീഴ്ചയും സത്യത്തിൽ നിന്നുള്ള വ്യതിചലനവും, ഒടുവിൽ അന്തിമ വഞ്ചനയായ മൃഗത്തിന്റെ മുദ്ര (വെളി. 14:9-11) പുറത്തിറക്കുന്നതുവരെ എത്തിച്ചേരുമെന്ന് വെളിപ്പാട് 14:8 മുന്നറിയിപ്പ് നൽകുന്നു. ഈ മുന്നറിയിപ്പ് കൂടുതൽ ശക്തിയോടെ ആവർത്തിക്കും. ബാബിലോണിൽ അവശേഷിക്കുന്ന ദൈവജനത്തോട് അവളെ വിട്ടുപോന്ന് അന്ത്യകാല ശേഷിപ്പ് സഭയോടു ചേരാൻ പറയുന്നതുവരെ അത് തുടരും (വെളി.18:1-4).

**വ്യാഴം** **ജൂൺ 7**

## എന്റെ ജനമേ, അവളെ വിട്ടുപോരുക

വർഷങ്ങളായി ദൈവവചന പ്രവചനങ്ങൾ പഠിക്കുന്നവർ ലോകസംഭവങ്ങളെ വിശിഷ്യ അന്ത്യകാലത്തുള്ളവയെ അതീവ താൽപര്യത്തോടെ പിന്തുടരുന്നു. ഉദാഹരണത്തിന് അമേരിക്കയുടെ പങ്കിനെക്കുറിച്ച് ചിന്തിക്കുക. 1851 വരെ ചില അഡ്വന്റിസ്റ്റുകാർ അമേരിക്കയെ രണ്ടാമത്തെ മൃഗശക്തിയായയാണ് കണ്ടിരുന്നത് (വെളി. 13:11-15). അന്ന് അമേരിക്കൻ ഐക്യനാടുകളെ തിരിച്ചറിഞ്ഞത് വളരെ ശ്രദ്ധേയമായിരുന്നു. 1800-കളുടെ പകുതിയിൽ വൻലോക ശക്തികൾ പഴയ ലോകശക്തികൾ തന്നെയായിരുന്നു: പ്രഷ്യ, ഫ്രാൻസ്, ഓസ്ട്രിയ-ഹംഗറി, ഇംഗ്ലണ്ട്. ആ സമയത്ത് അമേരിക്കയ്ക്ക് യുദ്ധമില്ലാത്ത കാലത്തെ സൈന്യത്തിൽ ഇരുപതിനായിരം പുരുഷന്മാരുണ്ടായിരുന്നു. വാട്ടർലൂ (പ്രഷ്യ-ബ്രിട്ടീഷ് സൈന്യങ്ങൾ ചേർന്ന് 1815 ജൂൺ 18, ഞായറാഴ്ച അജയ്യനായ നെപ്പോളിയൻ ചക്രവർത്തിയെ പരാജയപ്പെടുത്തിയ യുദ്ധം) യുദ്ധത്തിലുണ്ടായിരുന്നതിന്റെ പത്തിലൊന്ന് മാത്രമായിരുന്നു അത്. 1814-ലെ ആക്രമണത്തിൽ, വെറും നാൽപതു വർഷം മുമ്പ്, ബ്രിട്ടൺ വാഷിങ്ടൺ ഡി.സി. ചുട്ടെരിച്ചു. 1867-ൽ സിറ്റിംഗ് ബുൾസ് എന്ന റെഡ് ഇന്ത്യൻ സംഘത്തിന്റെ ധീരന്മാർ ജനറൽ കസ്റ്ററിന്റെ ഏഴാം അമേരിക്കൻ കുതിരപ്പട്ടാള നിരയെ തുടച്ചു നീക്കി. അങ്ങനെ, ചില വ്യാഖ്യാതാക്കൾ അമേരിക്കയെ ഒരിക്കൽ "മൃഗത്തിന്റെ മുദ്ര" ലോകത്തിനുമേൽ അടിച്ചേൽപ്പിക്കുന്ന ശക്തിയെന്ന് വ്യാഖ്യാനിച്ചപ്പോഴും ആ രാഷ്ട്രം സ്വന്തം മണ്ണിൽ തന്നെ തദ്ദേശവാസികളായ റെഡ് ഇന്ത്യക്കാരോട് യുദ്ധം ചെയ്യുകയായിരുന്നു. പലപ്പോഴും പരാജയം രുചിച്ചുകൊണ്ട്.

ചോദിക്കേണ്ട ആവശ്യമേയില്ല, സംഭവിക്കുമെന്ന് നമ്മൾ വിശ്വസിച്ചതുപോലെ തന്നെ ലോകസംഭവങ്ങൾ ഉണ്ടായ്ക്കൊണ്ടിരിക്കുന്നു. എന്നാൽ

അവസാനമെത്തുന്നതിനു മുമ്പ് ഇനിയും അനേകം കാര്യങ്ങൾ നടക്കാനുണ്ട്. അതുകൊണ്ടാണ്, ഉദാഹരണത്തിന്, “മൃഗത്തിന്റെ മുദ്രയെക്കുറിച്ച്” പറയുമ്പോൾ ഇന്ന് ആർക്കും അതില്ലെന്ന് എടുത്തു പറയേണ്ടി വരുന്നത്. നാലാം കൽപന പാലിക്കുന്നുവോ ഇല്ലയോ എന്നതു പോലുമിതിനു ബാധകമല്ല. മറിച്ച്, ഇനിയും ധാരാളം വെളിപ്പെടാനിരിക്കുന്നു.

**വെളിപ്പാട് 18:1–4 വായിക്കുക. എന്താണിവിടെ സംഭവിക്കുന്നത്? ഇത് ഇപ്പോൾ ഓർമ്മിക്കേണ്ടതിന്റെ പ്രാധാന്യം എന്ത്? ലോകത്തോടുള്ള കടമയേക്കുറിച്ച് ഈ വാകൃങ്ങൾ എന്ത് പഠിപ്പിക്കുന്നു?**

ഈ വാകൃങ്ങൾ, ലോകത്തിന്റെ വിരസമായ രാഷ്ട്രീയ, സന്മാർഗ്ഗ, ആത്മീയ ചിത്രങ്ങൾ വരച്ചിടുന്നു. അവ ലോകത്തിലെ തെറ്റായ മതപഠനങ്ങളുടെ ദ്രോഹം നിറഞ്ഞ സ്വാധീനം കാട്ടിത്തരുന്നു. അതേസമയം തന്നെ, സ്വർഗ്ഗത്തിൽ നിന്നുള്ള മറ്റൊരു മാലാഖ തന്റെ മഹത്വത്താൽ ലോകത്തെ പ്രകാശിപ്പിക്കുന്നതിനാൽ ഈ വാകൃങ്ങൾ വലിയ പ്രത്യാശ തരുന്നു. തുടർന്ന്, തങ്ങളറിയേണ്ടതെന്തെന്ന് പഠിക്കാത്ത ദൈവത്തിന്റെ വിശ്വസ്ത ജനത്തെ ബാബിലോണിൽ നിന്ന് വിളിക്കുകയാണ്. ഇതർത്ഥമാക്കുന്നതെന്തെന്നാൽ, ബാബിലോണിൽ നിന്ന് പുറത്തുവന്നുകഴിഞ്ഞ ജനത്തിന് അതിലുള്ളവർക്കുവേണ്ടി അവസാനം വരെ ഒരു വലിയ വേല ചെയ്യാനുണ്ടെന്നതാണ്.

**ബാബിലോണിൽ ഉള്ളവരിൽ ചിലരെ ദൈവം ഇപ്പോഴും “എന്റെ ജനം” എന്ന് വിളിക്കുന്നത് എന്തുകൊണ്ട്? മറ്റുള്ളവരുമായി താരതമ്യം ചെയ്യുമ്പോൾ ഈ കാര്യം പ്രാധാന്യമർഹിക്കുന്നത് എങ്ങനെ?**

**വെള്ളി** **ജൂൺ 8**

**കൂടുതൽ പഠനം:** ദൈവകൽപനയ്ക്കുമേലുള്ള സാത്താന്റെ ആക്രമണം ദൈവത്തോടു തന്നെയുള്ള, തന്റെ അധികാരത്തോടും ഭരണകൂടത്തോടുമുള്ള, പോരാട്ടമാണ്. അതുകൊണ്ട്, അന്ത്യകാലത്ത്, അവസാന ദുരന്തങ്ങളുടെ ഉച്ഛസ്ഥായിയിലെത്തുമ്പോൾ, സാത്താൻ “ദൈവകൽപന” അനുസരിക്കുന്നവരെ ആക്രമിച്ചു തുടങ്ങും (വെളി. 12:17, 14:12). കാരണം, ലോകത്തിലെ സാത്താന്റെ അപരന്മാരെ വണങ്ങാതെ അവന് ബഹുമാനം കൊടുക്കാത്ത ഒരേയൊരു വിഭാഗം അവർ മാത്രമാകും. വളരെ പണ്ട്, സ്വർഗ്ഗത്തിൽ ദൈവത്തിനെതിരെ യുദ്ധം ഉയർത്തിയ അവൻ അത് ഭൂമിയിൽ തുടരും. സ്വർഗ്ഗത്തിൽ എങ്ങനെ അവൻ പരാജയപ്പെട്ടോ തഥൈവ ഭൂമിയിലും പരാജിതനാകും. “സ്വർഗ്ഗത്തിൽ വൻ വിവാദത്തിന്റെ തുടക്കം മുതലേ തന്നേ ദൈവ നിയമം ഇല്ലാതാക്കുക എന്നത് സാത്താന്റെ ലക്ഷ്യമായിരുന്നു. ഇതു സ്ഥാപിക്കാനാണ് സൃഷ്ടാവിനെതിരായ

പോരാട്ടത്തിൽ അവൻ പ്രവേശിച്ചത്, മാത്രമല്ല അവനെ സ്വർഗ്ഗത്തിൽ നിന്ന് പുറത്താക്കിയെങ്കിലും അതേ യുദ്ധ തന്ത്രങ്ങൾ അവൻ ഭൂമിയിൽ തുടർന്നു. മുനുഷ്യനെ ചതിക്കാനും, അതുവഴി ദൈവകൽപന ലംഘിക്കാനും പ്രേരിപ്പിക്കുക എന്നതാണ് അതിനായി വളരെ പെട്ടെന്നു തന്നെ അവൻ തെരഞ്ഞെടുത്തിരിക്കുന്ന മാർഗ്ഗം. ഇത് കൽപന അപ്പാടെ നീക്കിക്കളഞ്ഞിട്ടാണെങ്കിലും, അതിലെ ഒരെണ്ണം മാത്രം മാറ്റിക്കളഞ്ഞാണെങ്കിലും അന്തിമ ഫലം ഒന്നുതന്നെയാകും. 'ഒന്നിൽ തെറ്റുന്നവൻ സകലത്തിലും തെറ്റുന്നു. നിയമ ലംഘനത്തിന്റെ  ഭാഗത്താണ് അവന്റെ സ്വാധീനങ്ങളും ഉദാഹരണങ്ങളുമുള്ളത്.  അവൻ എല്ലാത്തിലും കുറ്റക്കാരനാകുന്നു. യാക്കോ. 2:10 - *എലൻ ജി. വൈറ്റ്, "ദി ഗ്രേറ്റ് കോൺട്രോവേഴ്സി", പേജ് 582.*

**ചർച്ച:**

1. **ക്ലാസ്സിൽ, ലോകസംഭവങ്ങളെക്കുറിച്ച് ചർച്ച ചെയ്യുക. അവസാന നാളുകളിൽ സംഭവിക്കുമെന്ന് വിശ്വസിക്കുന്ന കാര്യങ്ങളിലേക്ക് ഇവ വിരൽ ചൂണ്ടുന്നതെങ്ങനെ? ഇനിയും എന്തൊക്കെ സംഭവിക്കാനുണ്ട്? ആശയഭ്രാന്തില്ലാതെ, ബൈബിളും എലൻ ജി. വൈറ്റും സ്പഷ്ടമായി പഠിപ്പിക്കാത്ത, തീയതി തീരുമാനിക്കാതെ, അനാവശ്യമായി ഭാവി പ്രവചിക്കാതെ, കാലത്തിന്റെ അടയാളങ്ങളെക്കുറിച്ച് എങ്ങനെ  ജാഗരൂഗരാകാം?**
2. **ആരാധനയെക്കുറിച്ച് കൂടുതൽ ചിന്തിക്കുക. എന്തിനെയെങ്കിലും ആരാധിക്കുക എന്നാലെന്താണ്? നമ്മളാരാധിക്കുന്ന എന്തു തന്നെയായാലും എങ്ങനെയാണ് ആരാധിക്കുന്നത്?**
3. **ദൈവത്തിന് ബാബിലോണിൽ ഇനിയും ജനമുണ്ടെന്ന ആശയത്തെക്കുറിച്ച് കൂടുതൽ ചിന്തിക്കുക? "ബാബിലോൺ" എന്ന വാക്കിന്റെ അർത്ഥമെന്താണ് (തീർച്ചയായും അക്ഷരീക അർത്ഥമല്ല ഒരു ചിഹ്നം എന്ന നിലയിൽ)? മറ്റുള്ളവരുടെ മത, രാഷ്ട്രീയ വിശ്വാസങ്ങൾ നോക്കാതെ അവരോട് സുവിശേഷം പറയേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഇത് എന്തു പഠിപ്പിക്കുന്നു?**

******